## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1394 — 02-03-2017 -ൽ മറുപടിക്ക്

### വരൾച്ചയുടെ ഫലമായി കാർഷിക രംഗത്തുണ്ടായ നഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ചയുടെ ഫലമായി ഈ വർഷം എത്ര കോടി രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ ഉണ്ടായിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | എ) | കൃഷി വകുപ്പിൽ നിന്നും, വെജിറ്റബിൾസ് & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം 40,427.4 ഹെക്ടറിൽ കൃഷി നശിച്ചിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം ഇത് 56.88 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ നഷ്ടമാണ്. |
| ബി) | നാണ്യ വിളകളുടെ നാശം മൂലം എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചു ; | ബി) | കൃഷി വകുപ്പിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം 2840 ഹെക്ടർ സ്ഥലത്തെ നാണ്യവിളകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം ഇത് 5.11 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായത്തിന് അർഹമായ നഷ്ടമാണ്. |
| സി) | വരൾച്ചാസഹായമായി തുക അനുവദിക്കണമെന്നും വരൾച്ചാവലോകനത്തിനായി കേന്ദ്രസംഘത്തെ അയയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ; | സി) | സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ച സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017 ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. മെമ്മോറാണ്ടം കേന്ദ്രത്തിൽ സമർപ്പിച്ചതിന് ശേഷം കേന്ദ്ര സംഘം അവലോകനത്തിനായി എത്തും. |
| ഡി) | ഇതിന്മേലുള്ള കേന്ദ്ര പ്രതികരണം എന്താണ്.? | ഡി) | കേരളം വരൾച്ച ബാധിതമായി പ്രഖ്യാപിച്ചപ്പോൾ തന്നെ കേന്ദ്രം കേരളത്തിലെ വരൾച്ച അവലോകനത്തിനായി ഒരു സംഘത്തെ നിർണ്ണയിച്ചിട്ടുണ്ട്. മെമ്മോറാണ്ടം കേന്ദ്രത്തിൽ സമർപ്പിച്ചതിന് ശേഷം കേന്ദ്ര സംഘം അവലോകനത്തിനായി എത്തും. |

Indu S.S

സെക്ഷൻ ഓഫീസർ